# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 12/02/2020

# തോട്ടിൽ ചാടിയയാളെ കൂടെച്ചാടി സി.ഐ കസ്റ്റഡിയിലെടുത്തു.

## (എൻ എസ് സഹകരണ ആശുപത്രിക്കു മുന്നിൽ അടിപിടി, രണ്ടു പേർ കസ്റ്റഡിയിൽ.)

കൊട്ടിയം ക്ഷേത്രത്തിൽ ഉത്സവുമായി ബന്ധപ്പെട്ട് നടന്ന അടിയിൽ പരിക്കേറ്റിരുന്നവരെ എൻ എസ് ആശുപത്രിയിൽ പ്രവേശിച്ചിരുന്നു. ഇവരെ കാണാനെത്തിയവർ വാക്ക്തർക്കത്തിൽ ആവുകയും തുടർന്ന് അടിപിടിയിൽ കലാശിക്കുകയുമായി. എന്നാൽ ഇരവിപുരം പോലീസ് സ്ഥലത്തെത്തി ഇരുകൂട്ടരെയും പിരിച്ചുവിട്ടു. എന്നാൽ പോലീസ് പോയതിനെ തുടർന്ന് ഇരുവിഭാഗക്കാരും വീണ്ടും ആശുപത്രി പരിസരത്തുവച്ചു അടിപിടികുടുകയുണ്ടായി.



ആശുപത്രിയ്ക്കു മുന്നിൽ അടിപിടി:

തോട്ടിൽ ചാടിയയാളെ കൂടെച്ചാടി സി.ഐ കസ്റ്റഡിയിലെടുത്തു

കൊല്ലം: എൻ.എസ് സഹകരണ ആശുപത്രിക്ക് മുന്നിൽ അടിപിടി, രണ്ടുപേർ കസ്റ്റഡിയിൽ. ഇന്നലെ അർദ്ധരാത്രിയിലാണ് സംഭവം.

കൊട്ടിയത്ത് ക്ഷേത്ര ഉത്സവുമായി ബന്ധപ്പെട്ട അടിപിടിയിൽ പരിക്കേറ്റവരെ എൻ.എസിൽ പ്രവേശിപ്പിച്ചിരുന്നു. ഇവരെ കാണാനെത്തിയവർ പിന്നീട് വാക്കുതർക്കത്തിലായി. അടിപിടിയായതോടെ ഇരവിപുരം പൊലീസ് സ്ഥലത്തെത്തി ഇരുകൂട്ടരെയും പിരിച്ചുവിട്ടു. പൊലീസ് പോയപ്പോൾ വീണ്ടും ഇരു വിഭാഗങ്ങൾ ആശുപത്രി പരിസരത്ത് എത്തി അടിപിടിയായി. പൊലീസ് വീണ്ടുമെത്തിയപ്പോൾ സംഘത്തിലെ പ്രധാനിയായ തൃക്കോവിൽവട്ടം സ്വദേശി സജീവൻ സമീപത്തെ തോട്ടിലേക്ക് ചാടി. ഇരവിപുരം സി.ഐ കെ. വിനോദ് കൂടെച്ചാടി പതിനഞ്ച് മിനിട്ട് നേരത്തെ തെരച്ചിലിന് ശേഷമാണ് ഇയാളെ കരയ്ക്കെത്തിച്ചത്. സജീവനെയും മറ്റൊരാളെയും കസ്റ്റഡിയിലെടുക്കുകയും ചെയ്തു.

വിവരമറിഞ്ഞെത്തിയ പോലീസിനെ കണ്ടപ്പോൾ സംഘത്തിലെ പ്രധാനിയായ തൃക്കോവിൽവട്ടം സ്വദേശിയുമായ സജീവൻ സമീപത്തുള്ള തോട്ടിൽ ചാടി രക്ഷപെടാൻ ശ്രമിച്ചു. എന്നാൽ ഇരവിപുരം ഐ എസ് എച്ച് ഒ കെ വിനോദ് കൂടെച്ചാടി പതിനെഞ്ച് മിനിറ്റ് നേരത്തെ തിരച്ചിലിന് ശേഷമാണ് ഇയാളെ കരയിലെത്തിച്ചത്. സജീവനെയും മറ്റൊരാളെയും കസ്റ്റഡിയിലെടുത്തു.